**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1220

12.03.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## എറണാകുളം, ഇടുക്കി ജില്ലകളിലെ പട്ടയം

ചോദ്യം

ശ്രീ.റ്റി.യു. കുരുവിള

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | എറണാകുളം, ഇടുക്കി ജില്ലകളിൽ പട്ടയം നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ; | (എ) റിസർവ്വ്(സി.എച്ച്.ആർ) ഭൂമിക്കും പട്ടയ നടപടികൾ സ്വീകരിച്ച് വരുന്നതാണ്. ഈ സർക്കാർ അധികാരമേറ്റ ശേഷം ഇപ്രകാരമുള്ള 13083 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. അവശേഷിക്കുന്ന അപേക്ഷകളിൽ സർവ്വെ സൂപ്രണ്ട് ഓഫീസിൽ നിന്നും സർവ്വെ സ്കെച്ച് തയ്യാറാക്കി ഭൂമി പതിവ് ഓഫീസ് മുഖേന സ്ഥല പരിശോധന നടത്തി മഹസ്സർ തയ്യാറാക്കി പട്ടയ നടപടികൾ പൂർത്തീകരിച്ച് വരുന്നതാണ്. കെ.എസ്.ഇ.ബി ഉപേക്ഷിക്കപ്പെട്ട പെരിഞ്ചാംകുട്ടി പദ്ധതി പ്രദേശങ്ങൾ ഉൾപ്പെടെയുള്ള റവന്യൂ ഭൂമിക്ക് 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഇടുക്കി, ഉടുമ്പൻചോല, ദേവികുളം, പീരുമേട്, തൊടുപുഴ എന്നീ താലൂക്കാഫീസുകളിലായി പട്ടയ നടപടി സ്വീകരിച്ചു വരുന്നതാണ്. സ.ഉ(കൈ)നം.437/14/റവന്യൂ, തീയതി 18.10.14 ഉത്തരവ് പ്രകാരം ഇടുക്കി ലാൻഡ് അസൈൻമെന്റ് കമ്മിറ്റി രൂപീകരിക്കുന്നതുവരെ പ്രസ്തുത താലൂക്കുകളിലെ പട്ടയ വിതരണം സംബന്ധിച്ച ചുമതല ഉടുമ്പൻചോല താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി നിർവ്വഹിച്ചു വരുന്നതാണ്.<br>ഇടുക്കി ജില്ലാ ഭരണകൂടവും നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററും (എൻ.ഐ.സി) ചേർന്ന് പട്ടയ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിന് www.palms.gov.in എന്ന വെബ്സൈറ്റ് തയ്യാറാക്കിയിട്ടുള്ളതാണ്. അപേക്ഷയിലെ വിവരങ്ങൾ, കൂടെ സമർപ്പിച്ച രേഖകൾ, പതിവ് ഭൂമിയുടെ വിവരങ്ങൾ, മഹസ്സർ, |

<table>
<tr><td></td><td></td><td>സ്കെച്ച്, അസൈൻമെന്റ് ഓർഡർ, പട്ടയം തുടങ്ങിയ എല്ലാ സുപ്രധാന രേഖകളും ഡിജിറ്റൽ രൂപത്തിൽ സൈറ്റിൽ അപ്‌ലോഡ് ചെയ്യും. ഡേറ്റാ എൻട്രി ഓപ്പറേറ്റർ ചേർക്കുന്ന വിവരങ്ങളും അപ്‌ലോഡ് ചെയ്യുന്ന വിവരങ്ങളും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി ലോക്ക് ചെയ്ത ശേഷം മാത്രമാണ് സൈറ്റിൽ ലഭ്യമാകുന്നത്.<br>ഇടുക്കി ജില്ലയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം നടത്തിയിട്ടുള്ള പട്ടയ മേളകളിലായി താഴെ ചേർത്തിട്ടുള്ള പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്.
<table>
<tr><td>1</td><td>1993 സ്പെഷ്യൽ റൂൾസ്</td><td>13083</td></tr>
<tr><td>2</td><td>വനാവകാശ രേഖ</td><td>5957</td></tr>
<tr><td>3</td><td>HRC പട്ടയം</td><td>543</td></tr>
<tr><td>4</td><td>സീറോ ലാൻഡ് ലെസ്സ്</td><td>2005</td></tr>
<tr><td>5</td><td>1964 റൂൾസ്</td><td>95</td></tr>
<tr><td>6</td><td>പെരിഞ്ചാംകുട്ടി (1964 റൂൾസ്)</td><td>2016</td></tr>
<tr><td></td><td>ആകെ</td><td>23699</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പട്ടയ ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ ഭാവിയിൽ അവർക്ക് തന്നെ വെട്ടിമാറ്റുന്നതിന് പട്ടയങ്ങളിൽ അനുമതി നൽകുന്നതിന് നടപടികൾ കൈക്കൊള്ളുമോ;</td><td>(ബി)1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ 17.8.2017-ലെ ജി.ഒ.(പി)നം.60/2017/റവ നമ്പർ പ്രകാരമുള്ള ഭേദഗതി ഉത്തരവ് പ്രകാരം പട്ടയ വസ്തുക്കളിൽ വച്ച് പിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിയ്ക്കാവുന്നതാണ്.</td></tr>
<tr><td>(സി)</td><td>പട്ടയഭൂമികളിൽ വനം വകുപ്പ് അനാവശ്യമായി ഇടപെട്ട് കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നത് തടയുവാൻ നടപടികൾ സ്വീകരിയ്ക്കുമോ?</td><td>(സി) പട്ടയ ഭൂമിയിൽ വനം വകുപ്പ് അനാവശ്യമായി ഇടപ്പെട്ട് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
</table>

**സെക്ഷൻ ഓഫീസർ**